**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **30-08-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ ദേശീയ അവാർഡ് ജേതാവായ നഞ്ചിയമ്മയുടെ ഭൂമി കൈവശപ്പെടുത്തിയ വ്യക്തിക്ക് എതിരെ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ലാൻഡ് റവന്യൂ കമ്മീഷണർക്കും പരാതികൾ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിൽ എന്തൊക്കെ വിഷയങ്ങൾ അന്വേഷിക്കണമെന്നാണ് ആവശ്യപ്പെടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 08.08.2022 തീയതി രേഖപ്പെടുത്തിയ ഒരു പരാതി 26.08.2022 തീയതിയിൽ ഓൾ ഇന്ത്യ ക്രാന്തികാരി കിസാൻ സഭ കേരള സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. എം. സുകുമാരൻ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ജി. പി. ശെൽവരാജ് എന്നയാളിൽ നിന്നും ഒസ്യത്തുകളുണ്ടാക്കി വ്യാജ രേഖകൾ ചമച്ചതിനെ സംബന്ധിച്ച അന്വേഷണം നടത്തണമെന്നും പരിധിയിൽ കൂടുതൽ ഭൂമിക്ക് രേഖകളുണ്ടാക്കി കൈവശം വയ്ക്കുന്നവർക്കെതിരെ തക്കതായ നടപടി സ്വീകരിക്കാത്ത വില്ലേജ്, താലൂക്ക് ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ബി) | നഞ്ചിയമ്മയുടെ ഭൂമി സ്വന്തമാക്കുന്നതിന് അഗളി വില്ലേജ് ഓഫീസിലെ വ്യാജ നികുതി രസീത് കോടതിയിൽ ഹാജരാക്കി എന്ന പരാതിയിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | അട്ടപ്പാടി ട്രൈബൽ താലൂക്ക്, അഗളി വില്ലേജ് സർവ്വെ നം 1167/1, 1167/6 എന്നിവയിൽ ഉൾപ്പെട്ട ഭൂമിയിന്മേൽ ശ്രീ. മാരിമുത്തു S/o കന്തസ്വാമി എന്നിവരുടെ പേരിലുള്ള വ്യാജ ഭൂനികുതി രസീത് കോടതിയിൽ ഹാജരാക്കി ഭൂമി കൈവശപ്പെടുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ ഒറ്റപ്പാലം സബ് കളക്ടറുടെ 20.02.2020 തീയതിയിലെ TLA 297/87 നമ്പർ ഉത്തരവ് റദ്ദാക്കണമെന്ന് അപേക്ഷിച്ച് ശ്രീമതി നഞ്ചി (നഞ്ചിയമ്മ), ശ്രീമതി മരുതി, ശ്രീ കുമരപ്പൻ എന്നിവർ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം 1999 വകുപ്പ് 7(5) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട കക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി 10/08/2022 ന് വിചാരണ നടത്തിയിരുന്നുവെങ്കിലും ശ്രീ. മാരിമുത്തു S/o കന്തസ്വാമി എന്നവർ വിചാരണയ്ക്ക് ഹാജരാകാത്തതിനാലും കക്ഷികൾക്ക് അവരുടെ വാദങ്ങൾ കേൾക്കുന്നതിനുമായി 13/09/2022 |

| | | | |
|---|---|---|---|
| | | | തീയതിയ്ക്ക് തുടർ വിചാരണ നിശ്ചയിച്ചിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണം നടത്തി വരുന്നുമുണ്ട്. |
| (സി) | വ്യാജരേഖ ഹാജരാക്കി ചമച്ച ആധാരത്തിന്മേലുള്ള തുടർ കൈമാറ്റങ്ങൾ റദ്ദാക്കുന്നത് സംബന്ധിച്ച് സർക്കാരിന് സ്വീകരിക്കാനാകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (സി) | വ്യാജരേഖ ചമയ്ക്കുന്ന കേസുകളിൽ സാധാരണ സിവിൽ/ക്രിമിനൽ നടപടികളാണ് സ്വീകരിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം സംബന്ധിച്ച് 1999 ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നഞ്ചിയമ്മയുടെ ഭൂമി കയ്യേറ്റം ചെയ്ത സംഭവത്തിൽ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അത് സംബന്ധിച്ച് എന്തൊക്കെ തുടർനടപടികളാണ് വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | 26.08.2022 ൽ സർക്കാരിൽ ലഭിച്ച പരാതി പരിശോധിച്ച് നിയമാനുസരണമുള്ള നടപടികൾ സ്വീകരിച്ച് കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ